**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5037** **04-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയില്ലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്താക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയില്ലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിന്റെ ഫലമായി എത്ര കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി അഡ്മിഷൻ എടുത്തിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 2017 – 18 മുതൽ 2020 – 21 അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷത്തിലധികം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## (1) അടിസ്ഥാന സൗകര്യ വികസനം :-

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 5 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വവിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കി.

## (2) സാങ്കേതിക വിദ്യ :-

ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കന്ററി, ഹയർസെക്കന്ററി എല്ലാ ക്ലാസ്മുറികളും സാങ്കേതിക വിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു 4752 സ്കൂളുകളിൽ ഐ.ടി അടിസ്ഥാന സൗകര്യം 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്. 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119054 ലാപ്ടോപ്പ് 69943 പ്രൊജക്ടർ, 4578 ഡി.എസ് .എൽ.ആർ ക്യാമറ, 4545 ടി. വി, 4611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ , 4720 വെബ്ക്യാം, 100472 യു.എസ്.ബി സ്പീക്കർ 43250 മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി ഉപകരണങ്ങൾ വിന്യസിച്ചു സാങ്കേതിക വിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കും ഉണ്ടായ മുൻപരിചയം ലോക്ഡൗൺ കാലത്ത് വലിയതോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സാങ്കേതിക വിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്രപോർട്ടൽ തയ്യാറാക്കി.

## (3) ഡിജിറ്റൽ ക്ലാസുകൾ :-

മഹാമാരി കാലത്ത് കുട്ടികളെ എങ്ങനെ അഭിമുഖീകരിക്കുമെന്ന് ലോകം ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിന്റേതായ അനന്യമാതൃക വികസിപ്പിച്ചു കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും 2020 ജൂൺ 1 ന് തന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം എന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളീയ

സമൂഹം നെഞ്ചിലേറ്റി നടപ്പാക്കി കോടിക്കണക്കിന് രൂപ മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാനുള്ള സൗകര്യം ഒരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസുകൾ ഒരുക്കി, കന്നട തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസുകൾ ഒരുക്കി, വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി

## (4) അക്കാദമികം :-

സ്കൂളിന്റെ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അറിവും കഴിവും മനോഭാവവും വികസിപ്പിക്കുന്നതോടൊപ്പം അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുക എന്നത് ലക്ഷ്യമായി നിശ്ചയിച്ചു. അതിന്റെ ഭാഗമായി ശാസ്ത്രമേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ, സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ് ' എന്ന പദ്ധതി' , ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ. ക്യൂബ് (E3) പദ്ധതി എന്നിവ നടപ്പിലാക്കി. ഹയർസെക്കന്ററി വിഭാഗം അദ്ധ്യാപകർക്കായി 10 ദിവസം നീണ്ടുനിന്ന റസിഡൻഷ്യലായി അദ്ധ്യാപക പരിവർത്തന പദ്ധതി നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനും വേണ്ടി 'ടാലന്റ് ലാബ് ', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി" എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം ഡിജിറ്റൽ പോർട്ടൽ' വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകി.

## (5) സാമൂഹികം :-

സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട ' വിദ്യാലയം പ്രതിഭകളിലേക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷാകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി ' നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം

വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട് വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി

**(6) <u>ഭരണനിർവ്വഹണം :-</u>**

ഭരണനിർവ്വഹണം മെച്ചപ്പെടുത്താനായി ഡി.പി.ഐ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകൾ എന്നിവ ഏകോപിപ്പിച്ച് എല്ലാ ഡയറക്ടറേറ്റുകളേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി ഇതിനായി ' സമന്വയ പോർട്ടൽ ' വികസിപ്പിച്ചു ഹയർസെക്കന്ററി പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പാക്കി മാനദണ്ഡം പാലിച്ച് ഓൺലൈൻ സ്ഥലം മാറ്റം സ്കൂൾ വർഷാരംഭത്തിന് മുമ്പ് തന്നെ പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാക്കാനും കഴിഞ്ഞു

ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചുകൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കൽപം യാഥാർത്ഥ്യമാക്കി എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം ഉണ്ടാക്കി.

**സെക്ഷൻ ഓഫീസർ**